**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2381**

**08.03.2017 ലെ മറുപടിയ്ക്ക്**

**<u>പങ്കാളിത്ത പെൻഷൻ പദ്ധതി അവസാനിപ്പിക്കുന്നതിന് നടപടി</u>**

| ചോദ്യം : | ഉത്തരം : |
|---|---|
| ശ്രീ.കെ.വി.വിജയദാസ് | ഡോ.ടി.എം.തോമസ് ഐസക് (ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | 2011-16 കാലത്ത് അധികാരത്തിലിരുന്ന സർക്കാർ, കേരളത്തിൽ പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കിയപ്പോൾ, പി എഫ് ആർ ഡി എ ബില്ലിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാരുമായി കരാർ ഒപ്പ വച്ചിരുന്നോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | എൻ.പി.എസ് ട്രസ്റ്റുമായും NSDL-മായും കരാറിൽ ഒപ്പുവെച്ചിരുന്നു. കേന്ദ്രസർക്കാർ നിയമം മൂലം നടപ്പാക്കിയ ഒരു പദ്ധതി ആയതിനാൽ ഇതിൽ ഏതെങ്കിലും തരത്തിലുള്ള ഒരു മാറ്റം വരുത്തണമെങ്കിൽ കേന്ദ്ര സർക്കാരുമായും പി.എഫ്.ആർ.ഡി.എ-യുമായും ആലോചിക്കേണ്ടതും നിയമവശം കൂടി പരിഗണിക്കേണ്ടതുമാണ്. (കരാറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു). |
| (ബി) | ഈ കരാറിലെ വ്യവസ്ഥകളാണോ, ഈ സർക്കാർ പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുമെന്ന് പറഞ്ഞതിന് തടസ്സമായി നിൽക്കുന്നത്; വിശദവിവരം നൽകുമോ; | |
| (സി) | കേരളത്തിൽ പങ്കാളിത്ത പെൻഷൻ പദ്ധതി അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്